"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പദ്ധതി നിർവ്വഹണ വിലയിരുത്തൽ നീരിക്ഷണ വകുപ്പ് - നിലവിലുള്ള 4 മിഷനുകളായ ലൈഫ്, ആർദ്രം, ഹരിത കേരളം മിഷൻ, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നിവയും കേരള പുന: നിർമ്മാണ പദ്ധതിയെയും (RKI) ഉൾപ്പെടുത്തി നവകേരള കർമ്മപദ്ധതി-II രൂപീകരിച്ച ഉത്തരവ് ഭേദഗതി ചെയ്തു ഉത്തരവാകുന്നു.

---

**പദ്ധതി നിർവ്വഹണ വിലയിരുത്തൽ നീരിക്ഷണ വകുപ്പ്**

G.O.(P) No.2/2021/PIE&MD തീയതി,തിരുവനന്തപുരം, 03/12/2021

---

പരാമർശം:- 1. സ.ഉ.(പി ) നം.10/2021/പി &ഇ.എ തീയതി 01.08.2021

**<u>ഉത്തരവ്</u>**

മേൽപരാമർശിത ഉത്തരവിലെ ഖണ്ഡിക 6 പ്രകാരം 'പുനർവിന്യാസം/ കരാർ' വ്യവസ്ഥയിൽ സൃഷ്ടിച്ച 87 തസ്തികകൾ നികത്തുന്നതിനുള്ള യോഗ്യതയും നിയമനരീതിയും അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടിക (അനുബന്ധം-II) പ്രകാരം പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത ഭേദഗതിയോടെ മേൽപരാമർശിത ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Bishwanath Sinha
Principal Secretary

എല്ലാ അഡിഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽസെക്രട്ടറിമാർക്കും,

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ/ആഡിറ്റ് ), കേരള, തിരുവനന്തപുരം.

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും/

എല്ലാ ഓഫീസർമാക്കും,

എല്ലാ വകുപ്പ മേധാവികൾക്കും/ എല്ലാ ജില്ലാ കളക്ടർമാർക്കും

പൊതുഭരണ (എസ്.സി) വകുപ്പിന്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ ) വകുപ്പിന്

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by Unnikuttan S S
Date: 03-12-2021 18:25:39
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്

മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്

എല്ലാ സെക്രട്ടറിമാരുടെയും പി.എ മാർക്ക്

പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് ഡയറക്ടറുടെ സി.എ യ്ക്ക്

<u>അനുബന്ധം-II</u>

| തസ്തിക | എണ്ണം | യോഗ്യതയും<br><br>നിയമനരീതിയും |
|---|---|---|
| **അസിസ്റ്റന്റ്/ജോയിന്റ്**<br>**കോ-ഓർഡിനേറ്റർമാർ**<br><br>**ഹരിതകേരളം** (1),<br>**ആർദ്രം** (1),<br>**ലൈഫ്** (1),<br>**വിദ്യാകിരണം**(1) | 4 | അന്യത്രസേവനം (ഗസറ്റഡ്റാങ്ക് ) |
| **പ്രോഗ്രാം ഓഫീസർമാർ**<br><br>**ആർദ്രം** (1),<br>**ലൈഫ്** (1),<br>**വിദ്യാകിരണം** (1),<br>**റീബിൾഡ് കേരള** (1),<br>**കൃഷി-പരിസ്ഥിതി**<br>**പുനഃസ്ഥാപനം** (1),<br>**ശുചിത്വ മാലിന്യസംസ്കരണം** (1),<br>**മണ്ണ്-കാലാവസ്ഥ** (1),<br>**ശാക്തീകരണ പരിപാടിയും ഡോക്യുമെന്റ്**<br>**േഷനം** (1) | 8 | അന്യത്രസേവനം (ഗസറ്റഡ്റാങ്ക് ) |
| **ചീഫ് എഞ്ചിനീയർ** | 1 | അന്യത്രസേവനം (ഗസറ്റഡ്റാങ്ക് ) |
| ഡാറ്റാ അനലിസ്റ്റ് | 1 | അന്യത്രസേവനം / കരാർ  നിയമനം |

| | | |
|---|---|---|
| യങ്ങ് പ്രൊഫഷണൽസ്<br>ആർദ്രം (1),<br><br>ലൈഫ് (1),<br><br>വിദ്യാകിരണം (1),<br><br>റീബിൾഡ് കേരള (1),<br><br>കൃഷി-പരിസ്ഥി പുനഃസ്ഥാപനം (1),<br><br>ശുചിത്വ മാലിന്യസംസ്കരണം (1),<br><br>മണ്ണ്-കാലാവസ്ഥ (1),<br><br>ശാക്തീകരണ പരിപാടിയും ഡോക്യുമെന്റേഷനും (1),<br><br>വെബ് & മീഡിയ മാനേജ്മെന്റ് (2),<br><br>എഞ്ചിനീയർ (7) | 17 | അന്യത്രസേവനം / കരാർ നിയമനം |
| അഡ്മിനിസ്ട്രേറ്റീവ്<br><br>ഓഫീസർ | 1 | അന്യത്രസേവനം (പൊതുഭരണ<br><br>വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി<br><br>റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർ) |
| അക്കൗണ്ട്സ് ഓഫീസർ | 1 | അന്യത്രസേവനം (അണ്ടർ സെക്രട്ടറി (ഫിനാൻസ് ) റാങ്കിൽ കുറയാത്ത<br><br>ഉദ്യോഗസ്ഥർ) |
| കോ-ഓർഡിനേറ്ററുടെ കോൺഫിഡൻഷ്യൽ<br><br>അസിസ്റ്റന്റ് | 1 | അന്യത്രസേവനം / കരാർ നിയമനം |
| ഡി.ടി.പി. ഓപ്പറേറ്റർ | 5 | അന്യത്രസേവനം / കരാർ നിയമനം |
| ക്ലറിക്കൽ അസിസ്റ്റന്റ് | 2 | അന്യത്രസേവനം / കരാർ നിയമനം |
| അക്കൗണ്ടന്റ് | 1 | അന്യത്രസേവനം / കരാർ നിയമനം |
| ഓഫീസ് അസിസ്റ്റന്റ് | 2 | അന്യത്രസേവനം / കരാർ നിയമനം |
| ഹൗസ് കീപ്പിംഗ്<br><br>അസിസ്റ്റന്റ് (ഫുൾ ടൈം സ്വീപ്പർ) | 1 | അന്യത്രസേവനം / കരാർ നിയമനം |
| ജില്ലാ കോ-ഓർഡിനേറ്റർമാർ<br>(ജില്ലയിൽ ഒന്നു വീതം) | 14 | അന്യത്രസേവനം (ഗസറ്റഡ്റാങ്ക്) |
| ടെക്നിക്കൽ അസിസ്റ്റന്റ് (ജില്ലയിൽ ഒന്നുവീതം) | 14 | അന്യത്രസേവനം / കരാർ നിയമനം |
| ഡി.ടി.പി. ഓപ്പറേറ്റർ<br><br>(ജില്ലയിൽ ഒന്നു വീതം) | 14 | അന്യത്രസേവനം / കരാർ നിയമനം |

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പ്രോഗ്രാം ഇംപ്ലിമെന്റേഷൻ ഇവാല്വേഷൻ & മോണിറ്ററിംഗ് വകുപ്പ് - നിലവിലുള്ള നാലു മിഷനുകളായ ലൈഫ്, ആർദ്രം, ഹരിത കേരളം, പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നിവയെയും കേരള പുനർനിർമാണ പദ്ധതി (RKI) -യെയും ഉൾപ്പെടുത്തി നവകേരളം കർമ്മപദ്ധതി-II രൂപീകരിച്ച ഉത്തരവാകുന്നു.

---

പ്രോഗ്രാം ഇംപ്ലിമെന്റേഷൻ ഇവാല്വേഷൻ & മോണിറ്ററിംഗ് വകുപ്പ്

G.O.(P)No.10/2021/P&EA തീയതി,തിരുവനന്തപുരം, 01/08/2021

പരാമർശം:-
1. സ.ഉ.(പി) നം.41/2016/ആ.സാ.വ തീയതി 28.09.2016
2. സ.ഉ.(പി) നം.10/2017/ആ.സാ.വ തീയതി 19.04.2017
3 സ.ഉ.(പി) നം.16/2018/ആ.സാ.വ തീയതി 09.11.2018

<u>ഉത്തരവ്</u>

കേരളം അഭിമുഖീകരിക്കുന്ന സാമൂഹികവും, സാമ്പത്തികവുമായ വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ട് ഒരു നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ 2016-21 കാലയളവിൽ പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം ലൈഫ്, ആർദ്രം, ഹരിത കേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നീ നാലു മിഷനുകൾ 'നവകേരളം കർമ്മപദ്ധതി' എന്ന പരിപാടിയിൽ ഉൾപ്പെടുത്തി പ്രവർത്തനം ആരംഭിച്ചു. സർവതലസ്പർശിയായ വികസനപ്രവർത്തനങ്ങളാണ് നവകേരളം കർമ്മപദ്ധതിയിലൂടെ വിഭാവനം ചെയ്തിരുന്നത്. ആറ് മുൻഗണനാമേഖലകളെ കോർത്തിണക്കി താഴെപ്പറയുന്ന നാല് വികസനമിഷനുകളാണ് നവകേരളം കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1. സമ്പൂർണ്ണ പാർപ്പിടം - ലൈഫ് മിഷൻ
2. ജനസൗഹൃദ സർക്കാർ ആശുപത്രികൾ - ആർദ്രം മിഷൻ
3. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം
4. ശുചിത്വ-മാലിന്യസംസ്കരണം, മണ്ണ്-ജല സംരക്ഷണം, ജൈവകൃഷി രീതിക്കു പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷിവികസനം എന്നീ മൂന്ന് മേഖലകൾക്ക് ഊന്നൽ നൽകുന്ന ഹരിതകേരളം മിഷൻ

2. 2018 ആഗസ്റ്റ് മാസത്തിലെ മഹാപ്രളയത്തെ തുടർന്ന് കേരള പുനർനിർമാണ പദ്ധതി (RKI) പരാമർശം (3) ഉത്തരവ് പ്രകാരം പ്രവർത്തനം ആരംഭിച്ചു. നാശനഷ്ടം നേരിട്ട ആസ്തികളുടെ പുനരുദ്ധാരണത്തിലും പുനർനിർമ്മാണത്തിലും ഉന്നത ഗുണനിലവാരം ഉറപ്പാക്കുന്നതിനും, നൂതനവും വികസനോന്മുഖവുമായ വലിയ പദ്ധതികൾ തയ്യാറാക്കുന്നതിനും, സമയബന്ധിതമായ നിർമ്മാണപ്രവർത്തനങ്ങൾ ഉറപ്പു വരുത്തുന്നതിനും, പാരിസ്ഥിതിക സൗഹാർദ്ദമാനദണ്ഡങ്ങൾ പാലിച്ച് ഭാവിയിൽ ആവർത്തിക്കപ്പെട്ടാവുന്ന ഏതൊരു പ്രളയത്തേയും നേരിടാനുള്ള ശേഷി പുനർനിർമ്മിക്കപ്പെടുന്ന ആസ്തികൾക്ക് ഉറപ്പുവരുത്തുന്നതിനും വിഭാവനം ചെയ്താണ് കേരള പുനർ നിർമ്മാണപദ്ധതി ആരംഭിച്ചത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ, വീടുകൾ, ഉപജീവനോപാധികളുടെ വീണ്ടെടുപ്പ്, PWD റോഡുകളും പാലങ്ങളും, പൊതുകെട്ടിടങ്ങളുടെ വലിയ അറ്റകുറ്റപ്പണികളും പുനർനിർമ്മാണവും, ജലവിതരണം, ഗണ്യമായ തോതിൽ പരിസ്ഥിതി സംരക്ഷണ – പ്രകൃതി സൗഹൃദ ഇടപെടലുകൾ ആവശ്യമായ വികസന പദ്ധതികൾ, മലയോര കാർഷിക ആവാസവ്യവസ്ഥയുടെ സമഗ്രവികസനം, മത്സ്യ തൊഴിലാളികളുടെ സമഗ്രമായ പുനരധിവാസവും വികസനവും ലക്ഷ്യമാക്കിയ പദ്ധതികൾ,

തന്ത്ര പ്രധാനമായ വലിയ വികസന പദ്ധതികൾ എന്നീ പത്ത് വിഭാഗങ്ങളുൾക്കൊള്ളിച്ചുകൊണ്ടാണ് കേരള പുനർനിർമ്മാണപദ്ധതി ആരംഭിച്ചത്.

3. നാല്വ മിഷനുകളും RKI-യും പ്രത്യേക ഉദ്ദേശലക്ഷ്യങ്ങൾ മുൻനിർത്തിയാണ് പ്രവർത്തിച്ചു വന്നത്. ഓരോ മിഷനുകളുടെയും, RKI-യുടെയും നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ പരിശോധിക്കുമ്പോൾ എടുത്തുപറയത്തക്ക പുരോഗതി കൈവരിച്ചതായി കാണാവുന്നതാണ്. എന്നിരുന്നാലും, ഫലപ്രദമായ സംയോജനവും ഏകോപനവും ആവശ്യമായ വിവിധ തലങ്ങളിൽ സമയാസമയങ്ങളിൽ നടത്തിയ വിലയിരുത്തലുകളിൽ നിന്നും പാഠം ഉൾക്കൊണ്ടുകൊണ്ട്, ലക്ഷ്യങ്ങൾ പൂർണതോതിൽ കൈവരിക്കുന്നതിന് ഉതകുന്ന രീതിയിൽ നവകേരളം കർമ്മപദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടതുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, രണ്ടാം ഘട്ടത്തിൽ നിലവിലുള്ള നാല്വ മിഷനുകളായ ലൈഫ്, ആർദ്രം, ഹരിത കേരളം, പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നിവയെയും കേരള പുനർനിർമാണ പദ്ധതി (RKI)-യെയും ഉൾപ്പെടുത്തി അവയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏകോപ്പിക്കുന്നതിനായി നവകേരളം കർമ്മപദ്ധതി-II എന്ന പേരിൽ ഒരു ഏകീകൃത മിഷൻ രൂപീകരിച്ച് ഉത്തരവാകുന്നു.

5. നവകേരളം കർമ്മപദ്ധതി-II യുടെ നടത്തിപ്പിനായി ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായും ചീഫ് സെക്രട്ടറി കൺവീനറായും നവകേരളം കർമ്മപദ്ധതി കോർഡിനേറ്റർ ജോയിന്റ് കൺവീനറായും ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർ, സെക്രട്ടറിമാർ എന്നിവർ അംഗങ്ങളായും അനുബന്ധം -1 ൽ പ്രതിപാദിച്ച പ്രകാരമുള്ള മിഷൻ ഘടനയോടെ നവകേരളം കർമ്മപദ്ധതി സെൽ രൂപീകരിച്ച് ഉത്തരവാകുന്നു.

6. നവകേരളം കർമ്മപദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിനും ഏകോപനത്തിനുമായി ഒരു കോഓർഡിനേറ്റർ തസ്തികയും (നേരിട്ടുള്ള നിയമനം) പുനർവിന്യാസം/കരാർ വ്യവസ്ഥയിൽ നികത്തേണ്ട മറ്റ് 87 തസ്തികകളും അടക്കം അനുബന്ധം-2 ൽ ചേർത്തിരിക്കുന്ന പ്രകാരം 88 തസ്തികകൾ മൂന്ന് വർഷത്തേയ്ക്ക് സൃഷ്ടിച്ചു ഉത്തരവാകുന്നു.

7. പൊതുവിദ്യാഭ്യാസ സംരക്ഷണം എന്ന ആശയം ഏതാണ്ട് പൂർത്തീകരിച്ചതിനാലും ഇനി ഊന്നൽ നൽകേണ്ടത് ഗുണമേന്മ വിദ്യാഭ്യാസത്തിനായതിനാലും വിദ്യാഭ്യാസ മിഷന്റെ പേര് "വിദ്യാകിരണം' എന്ന് പുനർനാമകരണം ചെയ്തു ഉത്തരവാകുന്നു.

8. നവകേരളം കർമ്മപദ്ധതിയുടെ പ്രവർത്തനങ്ങൾ വിശദമാക്കുന്ന മാർഗ്ഗരേഖ വികസിപ്പിക്കാൻ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ ഇവാല്വേഷൻ ആൻഡ് മോണിറ്ററിംഗ് ഡിപ്പാർട്ട്മെൻറ് (പി.ഐ. ഇ.&എം.ഡി)-യെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Bishwanath Sinha
Principal Secretary

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും/സ്പെഷ്യൽ

# File No.CPMU-3/80/2021-PLGEA

സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും/
എല്ലാ ഓഫീസർമാർക്കും,
നിയമസഭാ സെക്രട്ടറിയ്ക്ക് (ആമുഖ കത്ത് സഹിതം)
എല്ലാ വകുപ്പ മേധാവികൾക്കും / എല്ലാ ജില്ലാ കളക്ടർമാർക്കും
പൊതുഭരണ (എസ്.സി) വകുപ്പിന്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ മന്ത്രിമാരുടെയുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
എല്ലാ സെക്രട്ടറിമാരുടെയും പി.എമാർക്ക്

**അനുബന്ധം 1**

## നവകേരളം കർമ്മപദ്ധതി ||

**അധ്യക്ഷൻ** : മുഖ്യമന്ത്രി

**ഉപാധ്യക്ഷന്മാർ** : തദ്ദേശസ്വയംഭരണ, ധനകാര്യം, റവന്യൂ - ഭവനനിർമ്മാണം, ഉന്നതവിദ്യാഭ്യാസം, സാമൂഹ്യനീതി, വൈദ്യുതി, ജലവിഭവം, തൊഴിൽ, പൊതു വിദ്യാഭ്യാസം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, ഫിഷറീസ്, ആരോഗ്യം, ഭക്ഷ്യ സിവിൽ സപ്ലൈസ്, വനം, ടൂറിസം, കൃഷി വകുപ്പ് മന്ത്രിമാർ, ആസൂത്രണ ബോർഡ് ഉപാധ്യക്ഷൻ

**പ്രത്യേക ക്ഷണിതാവ്** : പ്രതിപക്ഷ നേതാവ്

**കൺവീനർ** : ചീഫ് സെക്രട്ടറി

**ജോയിന്റ് കൺവീനർ** : കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി ||

**അംഗങ്ങൾ** : തദ്ദേശസ്വയംഭരണ, ധനകാര്യം, റവന്യൂ - ഭവനനിർമ്മാണം, ഉന്നതവിദ്യാഭ്യാസം, സാമൂഹ്യനീതി, വൈദ്യുതി, ജലവിഭവം, തൊഴിൽ, പൊതുവിദ്യാഭ്യാസം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, ഫിഷറീസ്, ആരോഗ്യം, ഭക്ഷ്യസിവിൽ സപ്ലൈസ്, വനം, ടൂറിസം, വ്യവസായം, വിവരസാങ്കേതികം, മൃഗസംരക്ഷണം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ / സെക്രട്ടറിമാർ

ഗ്രാമപഞ്ചായത്ത് അസോസിയേഷൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ, മുൻസിപ്പൽ ചെയർമാന്മാരുടെ ചേംബർ, മേയേഴ്സ് കൗൺസിൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ എന്നിവയുടെ ഒരു പ്രതിനിധി വീതം.

### വകുപ്പുതല സമിതികൾ

**ലൈഫ് - സംസ്ഥാനമിഷൻ കർമ്മസമിതി**

**അധ്യക്ഷൻ** : തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

**ഉപാധ്യക്ഷൻ** : കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി ||

**സെക്രട്ടറി** : തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി

**കൺവീനർ** : അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി ||

**അംഗങ്ങൾ**

ഗ്രാമവികസന വകുപ്പ് കമ്മീഷണർ

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

ഡയറക്ടർ, പട്ടികജാതി വികസനം

ഡയറക്ടർ, പട്ടികവർഗ്ഗ വികസനം

ഡയറക്ടർ – സാമൂഹ്യനീതി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

ഡയറക്ടർ, ഫിഷറീസ്

ഡയറക്ടർ, പിന്നാക്കസമുദായ വികസനം

ലേബർ കമ്മീഷണർ

ലാന്റ് റവന്യൂ കമ്മീഷണർ

മാനേജിംഗ് ഡയറക്ടർ, കേരള ജല അതോറിറ്റി

കൺവീനർ, സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി

റീജിയണൽ ചീഫ്, ഹഡ്കോ

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

ചീഫ്, വികേന്ദ്രീകൃത ആസൂത്രണ വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്

പ്രിൻസിപ്പൽ, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം

**ജോയിന്റ് കൺവീനർ** : നോഡൽ ഓഫീസർ

## വിദ്യാകിരണം – സംസ്ഥാന മിഷൻ കർമ്മ സമിതി

**അധ്യക്ഷൻ** : പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി

**ഉപാധ്യക്ഷൻ** : കോ–ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി II

**സെക്രട്ടറി** : പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി

**കൺവീനർ** : അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി II

<u>**അംഗങ്ങൾ**</u>

ഡയറക്ടർ, പൊതുവിദ്യാഭ്യാസം

ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.

ഡയറക്ടർ, സീ-മാറ്റ്

ഡയറക്ടർ, എസ്.ഐ.ഇ.ടി.

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ - സമഗ്രശിക്ഷാ കേരളം

എക്സിക്യൂട്ടീവ് ഡയറക്ടർ - കൈറ്റ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ - എ.എസ്.എ.ടി.

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

ചീഫ്, സാമൂഹ്യസേവന വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്

**ജോയിന്റ് കൺവീനർ** : നോഡൽ ഓഫീസർ

<u>**ആർദ്രം - സംസ്ഥാന കർമ്മസമിതി**</u>

**അധ്യക്ഷൻ** : ആരോഗ്യ വകുപ്പ് മന്ത്രി

**ഉപാധ്യക്ഷൻ** : കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി II

**സെക്രട്ടറി** : ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി

**കൺവീനർ** : അസിസ്റ്റന്റ്/ജോയിന്റ് കോ-ഓർഡിനേറ്റർ, നവകേരളം കർമ്മ പദ്ധതി II

<u>**അംഗങ്ങൾ**</u>

ഡയറക്ടർ, ആരോഗ്യം

ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്

ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്

ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ

ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

എക്സിക്യൂട്ടീവ് ഡയറക്ടർ, സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ

ചീഫ്, സാമൂഹ്യസേവന വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്

**ജോയിന്റ് കൺവീനർ** : നോഡൽ ഓഫീസർ

## ഹരിതകേരളം മിഷൻ – സംസ്ഥാന കർമ്മസമിതി

**അധ്യക്ഷൻ** : തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

**സഹാധ്യക്ഷന്മാർ** : കൃഷി, ജലവിഭവ വകുപ്പ് മന്ത്രിമാർ

**ഉപാധ്യക്ഷൻ** : കോ–ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി II

**സെക്രട്ടറി** : തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി

**കൺവീനർ** : അസിസ്റ്റന്റ് കോ–ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി II

**അംഗങ്ങൾ**

ഡയറക്ടർ, ആരോഗ്യവകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്

ഡയറക്ടർ, കൃഷിവകുപ്പ്

ഡയറക്ടർ, സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ

മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.

ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

ഡയറക്ടർ, ഫിഷറീസ് വകുപ്പ്

ഡയറക്ടർ, മൃഗസംരക്ഷണം

ഡയറക്ടർ, ക്ഷീരവികസനം

ഡയറക്ടർ, ടൂറിസം

ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാനം വകുപ്പ്

ഡയറക്ടർ, ഭൂജല വകുപ്പ്

മിഷൻ ഡയറക്ടർ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ

മാനേജിംഗ് ഡയറക്ടർ, വി.എഫ്.പി.സി.കെ.

മാനേജിംഗ് ഡയറക്ടർ, കെ.എൽ.ഡി.സി.

മാനേജിംഗ് ഡയറക്ടർ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, കെ.ആർ.ഡബ്ല്യൂ.എസ്.എ.

ഡയറക്ടർ, സി.ഡബ്ല്യൂ.ആർ.ഡി.എം.

മാനേജിംഗ് ഡയറക്ടർ, ക്ലീൻകേരള കമ്പനി

ഗ്രാമവികസന കമ്മീഷണർ

ലാന്റ് യൂസ് ബോർഡ് കമ്മീഷണർ

മാനേജിംഗ് ഡയറക്ടർ, കേരള ജല അതോറിറ്റി

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യവകുപ്പ് ഡയറക്ടർ

ചെയർമാൻ, മലിനീകരണ നിയന്ത്രണ ബോർഡ്

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

ചീഫ് എഞ്ചിനീയർ, ജലസേചന വകുപ്പ്

മുഖ്യ വനപാലകൻ (ഫാം ഫോറസ്ട്രി & സോഷ്യൽ ഫോറസ്ട്രി)

ചീഫ്, വികേന്ദ്രീകൃത ആസൂത്രണ വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്

ചീഫ്, കൃഷി വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്

സ്റ്റേറ്റ് നോഡൽ ഓഫീസർ, ആത്മ

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ

**ജില്ലാ മിഷൻ**

**അധ്യക്ഷൻ** : ചെയർപേഴ്സൺ, ജില്ലാ ആസൂത്രണ സമിതി

**സെക്രട്ടറി** : ജില്ലാ കളക്ടർ & മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി

**കൺവീനർ** : ജില്ലാ കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി II

**അംഗങ്ങൾ**

ജില്ലയിൽ നിന്നുള്ള ലോക്സഭാംഗങ്ങൾ

രാജ്യസഭാ എം.പി.മാർ (നോഡൽ ജില്ലകളിൽ)

ജില്ലയിൽ നിന്നുള്ള എം.എൽ.എ.മാർ

മേയർ

മുൻസിപ്പൽ ചെയർപേഴ്സൺമാരുടെ ചേംബർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് ചെയർമാന്മാർ

ബ്ലോക്കുപഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ ജില്ലാ പ്രസിഡന്റും സെക്രട്ടറിയും

ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ ജില്ലാ പ്രസിഡന്റും സെക്രട്ടറിയും

ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ

ജില്ലാ ആസൂത്രണ സമിതിയുടെ സർക്കാർ നോമിനി

ജില്ലാ പ്ലാനിംഗ് ഓഫീസർ

പ്രിൻസിപ്പൽ കൃഷി ഓഫീസർ

ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.

ജില്ലയിലെ സീനിയർ എഞ്ചിനീയർ, ജലസേചനം

ജില്ലാ കോ-ഓർഡിനേറ്റർ, ശുചിത്വമിഷൻ

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ മെഡിക്കൽ ഓഫീസർ (മോഡേൺ മെഡിസിൻ)

ജില്ലാ മെഡിക്കൽ ഓഫീസർ (ഭാരതീയ ചികിത്സാ വകുപ്പ്)

ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ)

ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം

അസിസ്റ്റന്റ് ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം

പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം

ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ

റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യം

അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ)

ജോയിന്റ് കൺവീനർ : നോഡൽ ഓഫീസർ, തദ്ദേശസ്വയംഭരണ വകുപ്പ്

**<u>മുൻസിപാലിറ്റി / കോർപ്പറേഷൻതല മിഷൻ</u>**

**അധ്യക്ഷൻ** : മേയർ / മുൻസിപ്പൽ ചെയർപേഴ്സൺ

**സെക്രട്ടറി** : മുൻസിപ്പൽ / കോർപ്പറേഷൻ സെക്രട്ടറി

**കൺവീനർ** : നോഡൽ ഓഫീസർ

**<u>അംഗങ്ങൾ</u>**

എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങളും

ആസൂത്രണ സമിതി വൈസ് ചെയർപേഴ്സൺ

സി.ഡി.എസ്സുകളുടെ ചെയർപേഴ്സൺമാർ

ഡി.ഇ.ഒ.

കൺവീനർ, മുൻസിപ്പൽ / കോർപ്പറേഷൻ വിദ്യാഭ്യാസ സമിതി

ഐ.സി.ഡി.എസ്. സൂപ്പർവൈസർ / അസിസ്റ്റന്റ് സി.ഡി.പി.ഒ. / സി.ഡി.പി.ഒ.

വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് രൂപീകരിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാരും വൈസ് ചെയർപേഴ്സൺമാരും കൺവീനർമാരും (കൃഷി, ദാരിദ്ര്യനിർമ്മാർജ്ജനം, പാർപ്പിടം, ആരോഗ്യം, കുടിവെള്ളം, ശുചിത്വം, വിദ്യാഭ്യാസം)

**<u>ഗ്രാമപഞ്ചായത്തുതല മിഷൻ</u>**

**അധ്യക്ഷൻ** : ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

**സെക്രട്ടറി** : ഗ്രാമപഞ്ചായത്ത് സെക്രട്ടറി

**കൺവീനർ** : നോഡൽ ഓഫീസർ

**അംഗങ്ങൾ**

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ജില്ലാ / ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ

എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരും

ആസൂത്രണ സമിതി ചെയർപേഴ്സൺ

സി.ഡി.എസ്സുകളുടെ ചെയർപേഴ്സൺമാർ

കൺവീനർ, ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ സമിതി

ഐ.സി.ഡി.എസ്. സൂപ്പർവൈസർ / അസിസ്റ്റന്റ് സി.ഡി.പി.ഒ. / സി.ഡി.പി.ഒ.

വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് രൂപീകരിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാരും വൈസ് ചെയർപേഴ്സൺമാരും കൺവീനർമാരും (കൃഷി, ദാരിദ്ര്യനിർമ്മാർജ്ജനം, പാർപ്പിടം, ആരോഗ്യം, കുടിവെള്ളം, ശുചിത്വം, വിദ്യാഭ്യാസം)

## നവകേരളം കർമ്മപദ്ധതി II-ൽ ആവശ്യമായി വരുന്ന തസ്തികകൾ

| തസ്തിക | എണ്ണം |
|---|---|
| **നവകേരളം കർമ്മപദ്ധതി കോ-ഓർഡിനേറ്റർ** | 1 |
| **അസിസ്റ്റന്റ്/ജോയിന്റ് കോ-ഓർഡിനേറ്റർമാർ**<br><br>ഹരിതകേരളം (1), ആർദ്രം (1), ലൈഫ് (1),<br>വിദ്യാകിരണം (1) | 4 |
| **പ്രോഗ്രാം ഓഫീസർമാർ**<br><br>ആർദ്രം (1), ലൈഫ് (1), വിദ്യാകിരണം (1), റീ-ബിൽഡ് കേരള (1), കൃഷി-പരിസ്ഥിതി പുനഃസ്ഥാപനം (1), ശുചിത്വ മാലിന്യസംസ്കരണം (1), മണ്ണ്- കാലാവസ്ഥ (1), ശാക്തീകരണ പരിപാടിയും ഡോക്യുമെന്റേഷനും (1) | 8 |
| **ചീഫ് എഞ്ചിനീയർ** | 1 |
| **ഡാറ്റാ അനലിസ്റ്റ്** | 1 |
| **യങ്ങ് പ്രൊഫഷണൽസ്**<br>ആർദ്രം (1), ലൈഫ് (1), വിദ്യാകിരണം (1), റീ-ബിൽഡ് കേരള (1), കൃഷി-പരിസ്ഥിതി പുനഃസ്ഥാപനം (1), ശുചിത്വ മാലിന്യസംസ്കരണം (1), മണ്ണ്- കാലാവസ്ഥ (1), ശാക്തീകരണ പരിപാടിയും ഡോക്യുമെന്റേഷനും (1), വെബ് & മീഡിയ മാനേജ്മെന്റ് (2), എഞ്ചിനീയർ (7) | 17 |
| **അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ** | 1 |
| അക്കൗണ്ട്സ് ഓഫീസർ | 1 |
| **കോ-ഓർഡിനേറ്ററുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്** | 1 |
| **ഡി.ടി.പി. ഓപ്പറേറ്റർ** | 5 |
| **ക്ലറിക്കൽ അസിസ്റ്റന്റ്** | 2 |
| അക്കൗണ്ടന്റ് | 1 |
| **ഓഫീസ് അസിസ്റ്റന്റ്** | 2 |
| **ഹൗസ്കീപ്പിംഗ് അസിസ്റ്റന്റ്** (ഫുൾടൈം സ്വീപ്പർ) | 1 |
| **ജില്ലാ കോ-ഓർഡിനേറ്റർമാർ**<br>(ജില്ലയിൽ ഒന്നു വീതം) | 14 |
| **ടെക്നിക്കൽ അസിസ്റ്റന്റ്** (ജില്ലയിൽ ഒന്നു വീതം) | 14 |
| **ഡി.ടി.പി. ഓപ്പറേറ്റർ** (ജില്ലയിൽ ഒന്നു വീതം) | 14 |

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 01-12-2021

ഫയൽ നം. PIEM 3/7/2021/PIEMD. ഇനം നം: 397

വിഷയം : പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് - 01.08.2021-ലെ സ.ഉ.(പി). 10/2021/പി.ഇ.എ., ഉത്തരവ് ഭേദഗതി വരുത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്.

397

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | PIEM 3/7/2021-PIEMD |
| 2. | വകുപ്പ് | : | പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് |
| 3. | വിഷയം | : | 01/08/2021- ലെ സ.ഉ.(പി)10/2021/പി&ഇ.എ. ഉത്തരവ് ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രി സഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 21.10.2021 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | | ഉണ്ട് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പു സമർപ്പിച്ച അഡിഷണൽ സെക്രട്ടറിയുടെ പേര് | : | |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 18.11.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ വി പി ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 20.11.2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 23.11.2021 |
| 14. | കുറിപ്പിന്റെ പകർപ്പുകള് സമർപ്പിച്ച തീയതി | : | 23.11.2021 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

01/08/2021-ലെ സ.ഉ.(പി).നം.10/2021/പി&ഇ.എ) ഉത്തരവ് പ്രകാരം സൃഷ്ടിച്ച 87 തസ്തികകളിലേക്കുള്ള നിയമന രീതിയിൽ ഡെപ്യൂട്ടേഷൻ കൂടി ഉൾപ്പെടുത്തി ഉത്തരവിലെ ഖണ്ഡിക 6 ഭേദഗതി ചെയ്യുന്നതിനാണ് ഈ കുറിപ്പ്.

2. 01/08/2021-ലെ സ.ഉ.(പി)നം.10/2021/പി&ഇ.എ) ഉത്തരവ് പ്രകാരം നിലവിലുള്ള മിഷനുകളായ ലൈഫ്, ആർദ്രം, ഹരിത കേരളം, പൊതു വിദ്യാഭ്യാസ സംരക്ഷണം എന്നിവയെയും കേരള പുനർനിർമാണ പദ്ധതി (RKI) യെയും ഉൾപ്പെടുത്തി അവയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഏകോപ്പിക്കുന്നതിനായി നവകേരളം കർമ്മപദ്ധതി-II എന്ന പേരിൽ ഒരു ഏകീകൃത മിഷൻ രൂപീകരിച്ചു. അതോടൊപ്പം, നവകേരളം കർമ്മപദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിനും ഏകോപനത്തിനുമായി ഒരു കോ-ഓർഡിനേറ്റർ തസ്തികയും (നേരിട്ടുള്ള നിയമനം) പുനർവിന്യാസകരാർ വ്യവസ്ഥയിൽ മറ്റു തസ്തികകളും അടക്കം 88 തസ്തികകൾ മൂന്ന് വർഷത്തേയ്ക്ക് സൃഷ്ടിച്ചു. മേൽപ്പറഞ്ഞ 87 തസ്തികകൾ പുനർവിന്യാസം / കരാർ പ്രകാരം നികത്തുന്നതിനാണ് മന്ത്രിസഭാ തീരുമാനപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചത്. ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ അന്യത്രസേവനം കൂടി ഉൾപ്പെടുത്തുവാൻ ഉത്തരവായി.

3. മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് സമർപ്പിച്ചപ്പോൾ, ബഹു. മുഖ്യമന്ത്രി താഴെപ്പറയുംപ്രകാരം ഉത്തരവിടുകയുണ്ടായി:

"ഡെപ്യൂട്ടേഷന് പ്രായപരിധി ഒഴിവാക്കാനും, കോൺട്രാക്ട് നിയമനരീതി നിർദ്ദേശിച്ചിട്ടുള്ള തസ്തികകൾക്ക് ഡെപ്യൂട്ടേഷൻ നിയമനം കൂടി പരിഗണിക്കാനുമുള്ള നിർദ്ദേശം കൂടി ഉൾപ്പെടുത്തുക. ഇതിനു വിധേയമായി അംഗീകരിച്ചു."

4. ബഹു. മുഖ്യമന്ത്രിയുടെ മേൽ ഉത്തരവിൻപ്രകാരം അന്യത്രസേവനം കൂടി ഉൾപ്പെടുത്തിയതിനാൽ ഫയൽ വായനയ്ക്കായി ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് സമർപ്പിക്കുകയും, അദ്ദേഹം താഴെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു:

"We have no objection as long as number of posts is unchanged."

5. അതിൻപ്രകാരം, 01.08.2021-ലെ സ.ഉ.(പി). നം.10/2021/പി&ഇ.എ). ഉത്തരവിലെ അനുബന്ധം-II അനുസരിച്ച് പുനർവിന്യാസം / കരാർ വ്യവസ്ഥയിൽ സൃഷ്ടിച്ച 87 തസ്തികകൾ നികത്തുന്നതിനുള്ള യോഗ്യതയും നിയമനരീതിയും താഴെക്കൊടുത്തിരിക്കുന്ന പട്ടിക പ്രകാരം പുതുക്കാവുന്നതാണ്:

# അനുബന്ധം-II

| തസ്തിക | എണ്ണം | യോഗ്യതയും നിയമനരീതിയും |
|---|---|---|
| അസിസ്റ്റന്റ്/ജോയിന്റ് കോ-ഓർഡിനേറ്റർമാർ<br><br>ഹരിതകേരളം (1), ആർദ്രം (1), ലൈഫ് (1), വിദ്യാകിരണം(1) | 4 | അന്യത്രസേവനം (ഗസറ്റഡ്റാങ്ക്) |
| പ്രോഗ്രാം ഓഫീസർമാർ<br><br>ആർദ്രം (1), ലൈഫ് (1), വിദ്യാകിരണം (1), റീബിൾഡ് കേരള (1), കൃഷി-പരിസ്ഥിതി പുനഃസ്ഥാപനം (1), ശുചിത്വ മാലിന്യസംസ്കരണം (1), മണ്ണ്-കാലാവസ്ഥ (1), ശാക്തീകരണ പരിപാടിയും ഡോക്യുമെന്റേഷനും (1) | 8 | അന്യത്രസേവനം (ഗസറ്റഡ്റാങ്ക്) |
| ചീഫ് എഞ്ചിനീയർ | 1 | അന്യത്രസേവനം (ഗസറ്റഡ്റാങ്ക്) |
| ഡാറ്റാ അനലിസ്റ്റ് | 1 | അന്യത്രസേവനം / കരാർ നിയമനം |
| യങ്ങ് പ്രൊഫഷണൽസ്<br>ആർദ്രം (1), ലൈഫ് (1), വിദ്യാകിരണം (1), റീബിൾഡ് കേരള (1), കൃഷി-പരിസ്ഥി പുനഃസ്ഥാപനം (1), ശുചിത്വ മാലിന്യസംസ്കരണം (1), മണ്ണ്-കാലാവസ്ഥ (1), ശാക്തീകരണ പരിപാടിയും ഡോക്യുമെന്റേഷനും (1), വെബ് & മീഡിയ മാനേജ്മെന്റ് (2), എഞ്ചിനീയർ (7) | 17 | അന്യത്രസേവനം / കരാർ നിയമനം |
| അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 | അന്യത്രസേവനം (പൊതുഭരണ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർ) |
| അക്കൗണ്ട്സ് ഓഫീസർ | 1 | അന്യത്രസേവനം (അണ്ടർ സെക്രട്ടറി (ഫിനാൻസ്) റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർ) |
| കോ-ഓർഡിനേറ്ററുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 | അന്യത്രസേവനം / കരാർ നിയമനം |
| ഡി.ടി.പി. ഓപ്പറേറ്റർ | 5 | അന്യത്രസേവനം / കരാർ നിയമനം |
| ക്ലറിക്കൽ അസിസ്റ്റന്റ് | 2 | അന്യത്രസേവനം / കരാർ നിയമനം |

| | | |
|---|---|---|
| അക്കൗണ്ടന്റ് | 1 | അന്യത്രസേവനം / കരാർ നിയമനം |
| ഓഫീസ് അസിസ്റ്റന്റ് | 2 | അന്യത്രസേവനം / കരാർ നിയമനം |
| ഹൗസ് കീപ്പിംഗ് അസിസ്റ്റന്റ് (ഫുൾ ടൈം സ്വീപ്പർ) | 1 | അന്യത്രസേവനം / കരാർ നിയമനം |
| ജില്ലാ കോ-ഓർഡിനേറ്റർമാർ (ജില്ലയിൽ ഒന്നു വീതം) | 14 | അന്യത്രസേവനം (ഗസറ്റഡ്റാങ്ക്) |
| ടെക്നിക്കൽ അസിസ്റ്റന്റ് (ജില്ലയിൽ ഒന്നുവീതം) | 14 | അന്യത്രസേവനം / കരാർ നിയമനം |
| ഡി.ടി.പി. ഓപ്പറേറ്റർ (ജില്ലയിൽ ഒന്നു വീതം) | 14 | അന്യത്രസേവനം / കരാർ നിയമനം |

## തീരുമാനിക്കേണ്ട വിഷയം

01.08.2021-ലെ സ.ഉ.(പി). നം.10/2021/പി&ഇ.എ. ഉത്തരവിലെ അനുബന്ധം-II അനുസരിച്ച് പുനർവിന്യാസം / കരാർ വ്യവസ്ഥയിൽ സൃഷ്ടിച്ച 87 തസ്തികകൾ നികത്തുന്നതിനുള്ള യോഗ്യതയും നിയമനരീതിയും മേൽക്കൊടുത്തിരിക്കുന്ന പട്ടിക പ്രകാരം പുതുക്കാവുന്നതാണോ ?